# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3311** 19-06-2019-ൽ മറുപടി നൽകേണ്ടത്

## ഉന്നത വിദ്യാഭ്യാസ രംഗത്തെ പരീക്ഷകൾ

ചോദ്യം | ഉത്തരം

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :** **ഡോ. കെ .ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് പരീക്ഷകൾ നടത്തുമ്പോൾ വിവിധ ഏജൻസികൾ നടത്തുന്ന നെറ്റ്, കെ-ടെറ്റ് പോലുള്ള പരീക്ഷകളും അതേ തീയതിയിൽ വരുന്നതിനാൽ ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാവുന്നതായും മറ്റ് പരീക്ഷകൾ എഴുതാനുള്ള അവസരം നഷ്ടപ്പെടുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | സംസ്ഥാനത്ത് വിവിധ ഏജൻസികൾ നടത്തുന്ന നെറ്റ്, കെ-ടെറ്റ് പോലുള്ള പരീക്ഷകളുടെ തീയതികൾ കഴിയുന്നത്ര ഒഴിവാക്കിക്കൊണ്ടാണ് സർവ്വകലാശാലകൾ പരീക്ഷ തീയതികൾ നിശ്ചയിക്കാറുള്ളത്. എന്നിരുന്നാലും സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ തീയതികൾ പരീക്ഷാ കലണ്ടർ പ്രകാരം മുൻകൂട്ടി തീരുമാനിക്കുന്നതാകയാൽ സംസ്ഥാന തലത്തിൽ നടത്തുന്ന ചില പരീക്ഷകളും സർവ്വകലാശാല പരീക്ഷകളും ചില അവസരങ്ങളിൽ ഒരേ ദിവസം ആയിപോകാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ സർവ്വകലാശാല നടത്തുന്ന പരീക്ഷകളുടെ തീയതികളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പരീക്ഷ നടത്തുകയാണ് ചെയ്യാറുള്ളത്. |
| (ബി) | ഇക്കാര്യം പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**